# ഉത്തമ സാഹിത്യത്തിന്റെ ഉൾവഴികളിലൂടെ

മണ്ണിക്കരോട്ട് (www.mannickarottu.net)

അനുഭവങ്ങൾ എഴുത്തുകാർക്ക് ആശയ സ്രോതസാണ്. ആനുഭവങ്ങളിൽ അന്തർലീനമായിട്ടുള്ള ആശയങ്ങൾ ഭാവനയിൽ വികസിക്കണം. അക്ഷരങ്ങളിൽ വിരിയണം. അത് പാലിൽനിന്ന് വെണ്ണ ഉൽപാദിപ്പിക്കുന്നതുപോലെയാണ്. പാൽ തൈരാക്കി കടയുമ്പോൾ, അതിന്റെ സത്ത, വെണ്ണ വേർപെടുന്നു. പാലിനു പല വിധമായ സ്ഥിതിഭേദങ്ങൾ സംഭവിച്ചെങ്കിൽ മാത്രമെ ഈ സത്ത കയ്യെത്താൻ കഴിയുകയുള്ളു. ഇതുതന്നെയാണ് നല്ല എഴുത്തുകാർക്കും വേണ്ടത്. അതായത് അനുഭവങ്ങളിൽ ഗോചരീഭിവിക്കുന്ന ആശയങ്ങൾ ചിന്തയുടെയും ഭാവനയുടെയും മൂശയിൽ അവസ്ഥാന്തരം പ്രാപിക്കുമ്പോൾ സത്തയായ സാഹിത്യം രൂപപ്പെടുന്നു. അതിന്റെ ഗുണമേന്മയും വ്യത്യസ്തതയും കൈകാര്യം ചെയ്യുന്നവരുടെ നൈസർഗ്ഗിക വാസനയിലും സർഗ്ഗശക്തിയിലും നിക്ഷിപ്തമാണ്.

വ്യത്യസ്തയാണ് വ്യക്തിത്വം. ഇതുതന്നെയാണ് ഒരാളെ മറ്റൊരാളിൽനിന്ന് വിഭിന്നമാക്കുന്ന ആന്തരികശക്തിയും. വ്യത്യസ്തത വ്യക്തിത്വത്തിന്റെ മൂല്യം നിർണ്ണയിക്കുന്നതുപോലെയാണ് സാഹിത്യത്തിലും. നല്ല വ്യക്തിത്വമുള്ള വ്യക്തികൾ ശ്രദ്ധിക്കപ്പെടുന്നതുപോലെ വ്യത്യസ്തതയുള്ള സാഹിത്യവും ശ്രദ്ധിക്കപ്പെടും. (പലപ്പോഴും നല്ലകൃതിയായാലും അവഗണിക്കപ്പെടുന്നുണ്ട് എന്ന സത്യം മറക്കുന്നില്ല. പണവും പ്രതാപവും പിന്നെ സ്വാധീനവും സാഹിത്യത്തിന്മേൽ ആധിപത്യം സ്ഥാപിക്കുമ്പോൾ എന്തും സംഭവിക്കാം. അത് അങ്ങനെ നിൽക്കട്ടെ. അതല്ലെല്ലോ ഇവിടെ വിഷയം).

വ്യത്യസ്തതയ്ക്കും വ്യത്യാസങ്ങളുണ്ട്. പത്തുപേർ ഒരു സംഭവം വിവരിക്കുന്നത് പത്തു വിധത്തിലായിരിക്കുമല്ലോ. നല്ല എഴുത്തുകാരാണെങ്കിൽ അവരുടെ ചിന്തയ്ക്കും ഭാവനയ്ക്കും വ്യത്യാസമുണ്ടാകം. സംഭവം കേവലം ഒരു ബിംബമാക്കിക്കൊണ്ട് ഭാവനയിൽ മറ്റൊരു ആശയം രൂപപ്പെടുത്തും. കാണുന്നത് അതുപോലെ പകർത്തുന്നത് സാഹിത്യമല്ല. കാണുന്നതിൽനിന്ന് കാണാത്ത മറ്റൊരു ലോകത്തേക്ക് അനുവാചകരെ ആനയിക്കാൻ കഴിയണം. അവിടെയാണ് അനുവാചകർക്ക് കൂടുതൽ ചിന്തിക്കാനും പഠിക്കാനും മനസ്സിലാക്കാനുമുള്ളത്. അതായത് സാധാരണ കാര്യത്തെ അസാധാരണമാക്കി എന്നാൽ സംഭവ്യമാകത്തക്ക പാകത്തിലാക്കി അവതരിപ്പിക്കാൻ എഴുത്തുകാർക്ക് കഴിയണം.

സംഭവ്യമായ അസംഭവ്യതയാണ് കാൽപനികസാഹിത്യം പ്രത്യേകിച്ച് കഥാസാഹിത്യം. അതായത് ഒന്നിനെ വളരെ അതിശയോക്തി കലർത്തി അവതരിപ്പിച്ചാലും അത് സംഭവ്യമാണെന്ന് അനുവാചകർക്ക് തോന്നണം. ഈ സിദ്ധിയുടെ അടിസ്ഥാനശില നൈസർഗ്ഗിക വാസനയും സർഗ്ഗശക്തിയുമാകുമ്പോൾ പരന്നവായനയും വിപുലവും വ്യാപകവുമായ പരിശീലനവും പരിജ്ഞാനവും അതിന് മാറ്റുകൂട്ടുന്നു.

പാടിപ്പതിഞ്ഞ പാട്ടുപോലെ കേട്ടും കണ്ടും മടുത്ത വിഷയംതന്നെ അത്യല്പമായ മാറ്റം വരുത്തി ആവർത്തിക്കുന്നത് ഉത്തമ സാഹിത്യമാകുന്നില്ല. പുതുമയും വ്യത്യസ്തതയും ഉണ്ടായെങ്കിൽ മാത്രമേ സാഹിത്യത്തിൽ തനതു വ്യക്തിത്വം നേടിയെടുക്കാൻ കഴിയുകയുള്ളു. മെച്ചപ്പെട്ട ഏത് കൃതി നോക്കിയാലും അവിടെ പുതുമയുടെയും വ്യത്യസ്തതയുടെയും ഒരു മായാപ്രപഞ്ചം പ്രതിഫലിക്കുന്നുണ്ടാവും. ഭാഷയുടെ മഹത്വം വിളിച്ചറിയിക്കുന്ന അത്തരം കൃതികളുടെ കൂമ്പാരമാണ് നമ്മുടെ ഭാഷ. കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പ്രസിദ്ധീകൃതമായ വളരെ ചുരുക്കം ചില ഉദാഹരണങ്ങൾ മാത്രം വായനക്കാർക്ക് ഉണർത്തുപാട്ടായി ഇവിടെ എടുത്തുകാണിക്കുകയാണ്. അതിലെ വ്യത്യസ്തതകളെക്കുറിച്ച് കുറച്ചെങ്കിലും മനസിലാക്കാൻ കഴിഞ്ഞാൽ അതൊക്കെ എഴുത്തിന്റെ വഴികളിൽ പ്രകാശം പരത്തുമെന്നുള്ളതിന് സംശയമില്ല.

നോവൽ സാഹിത്യത്തിൽ ഒ.വി. വിജയന്റെ ഖസാക്കിന്റെ ഇതിഹാസം നോക്കാം. 1969–ൽ ഈ കൃതി പ്രസിദ്ധമായതോടെ മലയാള നോവൽ സാഹിത്യത്തിൽ ഒരു വലിയ മാറ്റമാണുണ്ടാക്കിയത്. അതുപോലെതന്നെ 1990–ൽ കേരള സാഹിത്യ അക്കാഡമി അവാർഡും അതേ വർഷംതന്നെ കേന്ദ്ര സാഹിത്യ അവാർഡും കരസ്ഥമാക്കിയ അദ്ദേഹത്തിന്റെ ഗുരുസാഗരവും. കേശവദേവിന്റെ ഓടയിൽനിന്നും തകഴിയുടെ ഒട്ടുമിക്ക കൃതികളും. ചെറുകഥകളിൽ പഴയകാല രചനകൾ നോക്കിയാൽ ഒ.വി. വിജയന്റെ കടൽത്തീരത്ത്, പൊൻകുന്നം വർക്കിയുടെ ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ പൂവൻപഴം, പത്മനാഭന്റെ പ്രകാശം പരത്തുന്ന പെൺകുട്ടി; പട്ടിക നീളുന്നു (അങ്ങനെ വ്യത്യസ്തതകൊണ്ടും ആശയംകൊണ്ടും മലയാള സാഹിത്യത്തെ ധന്യമാക്കിയ കൃതികളുടെ പട്ടിക ഒരു ലേഖനത്തിൽ ഒതുങ്ങുന്നതല്ലെല്ലോ. വിസ്താരം വിവരണത്തിന് വിരാമമാകുകയാണ്).

കവിതാസാഹിത്യത്തിലെ വളരെ ചുരുക്കം ചില ഉദാഹരണങ്ങൾ കൂടി നോക്കാം. മഹാകവി

കുമാരനാശാന്റ ഭക്തിനിർഭരമായ കവിതകൾ വ്യത്യസ്തമായ ആദ്ധ്യാത്മികദർശനത്തിന്റെ പര്യായങ്ങളാണ്. അദ്ദേഹത്തിന്റെ ആദ്യകാല രചനകളിൽ ഏറിയപങ്കും അത്തരത്തിലുള്ളതായിരുന്നു.

"സചേതനാചേതനമിപ്രപഞ്ചം
സർവ്വം വിളക്കുന്ന കെടാവിളക്കേ,
സമസ്തഭവ്യങ്ങളുമുള്ളിലാഴ്ത്തും
സ്നേഹപ്പരപ്പിൻ കടലേ, തൊഴുന്നേൻ".

അദ്ദേഹത്തിന്റെ 'വീണപൂവ്' ആശയവും ഭാവനയും എല്ലാം ഒരുപോലെ ഒത്തിണങ്ങിയ വ്യത്യസ്തമായ ഒരു കാവ്യശില്പമാണ്. ഇതിവൃത്തം വെറും നിസാരം. രാവിലെ വിടർന്ന പൂവ് വൈകിട്ട് വാടുന്നു. പിന്നെ നിലത്തുവീഴുന്നു. ഒരുവിധത്തിൽ നോക്കിയാൽ അതിൽ പുതുതായിട്ട് ഒന്നുമില്ല. വെറും ഒരു സാധാരണ സംഭവം. എന്നാൽ അത് കുമാരനാശാന്റെ ചിന്താമണ്ഡലത്തിൽ, മാനുഷിക ജീവിതത്തിന്റെ നാനാമുഖങ്ങളും പുനർജന്മംവരെയും പുനർജ്ജനിക്കുകയായിരുന്നു. ആ പുനർജ്ജനിയുടെ പ്രകാശധാരയാണ് വീണപൂവിൽ ജ്വലിച്ച് തേജസുറ്റതാക്കുന്നത്.

"ഇപ്പശ്ചിമാബ്ധിയിലണഞ്ഞൊരു താരമാരാ-
ലുല്പന്നശോഭമുദയാദ്രിയിലെത്തിടുമ്പോൾ
സൽപുഷ്പമേ, യിവിടെമാഞ്ഞു സുമേരുവിന്മേൽ
കൽപദ്രുമത്തിനുടെ കൊമ്പിൽ വിടർന്നിടാം നീ".

ഒരു ക്രാന്തദർശിയുടെ ഇന്ദ്രിയങ്ങൾക്കതീതമായ ആന്തരിക ദർശനത്തിന്റെ പ്രകാശബിന്ദുക്കളാണ് വീണപൂവിലെ ഓരോ വരിയും.

ചങ്ങമ്പുഴയുടെ കവിതകളിലെ ലാളിത്യവും വ്യത്യസ്തതയുടെ വേറിട്ട മാർഗ്ഗവുമാണ് അദ്ദേഹത്തെ പ്രസിദ്ധനാക്കിയത്. സാധാരണക്കാരെപ്പോലും ആകർഷിക്കത്തക്കതും അതുവരെ ഉണ്ടാകത്തതുമായ, ലളിതവും സരളവുമായ ശൈലികൊണ്ട് അദ്ദേഹം മലയാളികളുടെ ഹൃദയം കവർന്നു. അദ്ദേഹത്തെ ജനങ്ങൾ ഹൃദയത്തിലേറ്റി പ്രതിഷ്ഠിച്ചു. ഉദാഹരണങ്ങളൊന്നും എടുത്തു പറയേണ്ടതില്ല. എല്ലാം എല്ലാവർക്കും അറിയാവുന്നതുതന്നെ. എങ്കിലും രണ്ടു ചെറിയ വരികൾ മാത്രം ഇവിടെ ഉദ്ധരിക്കട്ടേ. വെറും ആറു ചെറിയ വാക്കുകൾ മാത്രം. അതുകൊണ്ട് അദ്ദേഹം മൈക്കിൾ ആഞ്ജലൊയുടെ ചിത്രരചനപോലെ ഒരു വലിയ ചിത്രം വരച്ചിട്ടിരിക്കുന്നതു ശ്രദ്ധിക്കൂ-

"മദനനും തോഴനും തോളുരുമ്മി-
വഴിനീളെ പാട്ടുകൾ മൂളിമൂളി"

കണ്ടില്ലേ ആ സുഹൃത്തുക്കൾ എവിടെ നിന്നോ വന്ന്, തോളോടു തോൾചേർന്ന് മുട്ടിയുരുമ്മി മൂളിപ്പാട്ടുംപാടി നടന്നുപോകുന്ന ചിത്രം. നാടൻ സുഹൃത്തുക്കളുടെ നാനാമുഖങ്ങളാണ് അവിടെ ചിത്രീകൃതമായിരിക്കുന്നത്.

1975-ൽ കേവലം 47-ാമത്തെ വയസ്സിൽ അന്തരിച്ച നമ്മുടെ പ്രിയപ്പെട്ട കവി വയലാർ സമൂഹത്തെ നോക്കി പാടിയതാണ്-

"സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും."

അതുപോലെ അനീതിയുടെയും അക്രമത്തിന്റെയും നീരാളിപ്പിടിത്തത്തിൽപ്പെട്ടു നട്ടംതിരിയുന്ന സമൂഹത്തെ നോക്കി അദ്ദേഹം വിളിച്ചുപറഞ്ഞു.

"ദൈവത്തിന്റെ കൈക്കുടന്നയിൽനിന്നു
പെറ്റുവീഴുന്നു യേശുദേവന്മാർ യുഗങ്ങളിൽ
അവരെ ജൂഡാസുകളാക്കി ഈ ജയിലറക്കകത്തു
തളച്ചാലെ സംതൃപ്തനാവു കാലം."

വിവർത്തനവും, പുതുമയും വ്യത്യസ്തതയുംകൊണ്ട് വേറിട്ട അനുഭവവും ആസ്വാദനസുഖവും പകർന്നുതരും. ഒരു ഉദാഹരണം മാത്രം നോക്കാം. രവീന്ദ്രനാഥ ടോഗോറിന്റെ സുപ്രസിദ്ധമായ ഗീതാഞ്ജലിയുടെ താഴെപ്പറയുന്ന ഭാഗം (ഡബ്ല്യൂ. ബി. യെയ്റ്റ്സിന്റെ (W.B. Yeats) ഇംഗ്ലീഷ് വിവർത്തനം)

"I know not how thou singest, my master!
I ever listen in silent amazement
The light of thy music illuminates the world.
The life breath of thy music runs from sky to sky.
The holy stream of thy music breaks through all stony obstacles and rushes on."

ഇത് മഹാകവി ജി. ശങ്കരക്കുറുപ്പ് മലയാളത്തിലേക്ക് വിവർത്തനം ചെയ്തപ്പോൾ–

“ഞാനറിവീല ഭവാന്റെ മോഹന ഗാനാലപന ശൈലി,
നിഭൃതം ഞാനതുകേൾപ്പൂ സതതം നിതാന്ത വിസ്മയശാലി,
ഉദയഗാനപ്രകാശകലയാൽ ഉജ്വലശോഭം ഭുവനം
അലതല്ലീടുകയാണ് അതിഗഗനം വായുവിലീ സ്വരചലനം
അലിയിക്കുന്നു സിരകളെ ഈ സ്വരഗംഗാസരപസഗമനം.”

വ്യത്യസ്തതയെക്കുറിച്ച് ഒരു അമേരിക്കൻ കവി വളരെ വ്യക്തമായി എഴുതിയിട്ടുണ്ട്. അമേരിക്കയിൽ അടുത്ത കാലത്ത് ജീവിച്ചിരുന്ന സുപ്രസിദ്ധനായ റോബർട്ട് ഫ്രോസ്റ്റ് (ബ്രിട്ടീഷുകാരനായ പ്രസിദ്ധ ജേണലിസ്റ്റ്, ഡേവിഡ് ഫ്രോസ്റ്റ് അല്ല ഇദ്ദേഹം), അദ്ദേഹത്തിന്റെ ‘**The Road not taken**’ എന്ന കവിതിയുടെ അവസാനത്തെ ചില വരികൾ ഇവിടെ ഉദ്ധരിക്കട്ടേ. അതിങ്ങനെ പോകുന്നു–

“Two roads diverged in a wood and I-
I took the one less traveled by,
And that has made all the difference.”

ചുരുക്കത്തിൽ വ്യത്യസ്തത ഉണ്ടാകണമെങ്കിൽ അധികമാരും സഞ്ചരിച്ചിട്ടില്ലാത്ത അല്ലെങ്കിൽ ആരുംതന്നെ സഞ്ചരിച്ചിട്ടില്ലാത്ത മാർഗ്ഗത്തിലൂടെ സഞ്ചരിക്കണം. വ്യത്യസ്തമായ മാർഗ്ഗങ്ങൾ കണ്ടെത്തുക. അത് ഇതിവൃത്തത്തിലാകാം, അശയത്തിലാകാം, ശൈലിയിലാകാം, ഘടനയിലാകാം, ഭാഷയുടെ പ്രയോഗത്തിലാകാം. ഈ സവിശേഷതകൾ ഒത്തിണങ്ങുമ്പോൾ ഉത്തമ സാഹിത്യം രൂപപ്പെടുന്നു. വ്യത്യസ്തതയിലുള്ള വ്യത്യാസംകൊണ്ട് ചിലതെങ്കിലും അപൂർവ്വമൊ അതുല്യമൊ ആയി മാറുകയും ചെയ്യുന്നു.